59496/2019/FC DTTVPM    File No.LBRD-C1/299/2017-LBRD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) ലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് ലോവറിനും ഷോർട്ട് ഹാൻഡ് ലോവറിനും തുല്യമായി പരിഗണിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് - പുതുക്കിയ ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(കൈ) നം.13/2019/തൊഴില്‍ തീയതി,തിരുവനന്തപുരം, 01/03/2019

പരാമർശം:- 1) സ.ഉ (എം.എസ്) 49/78/എൽ & എച്ച്, തീയതി, 02/05/78

2) ചെങ്ങന്നൂർ ഗവ.വനിത ഐ.ടി.ഐ.യിലെ സ്റ്റെനോഗ്രാഫി ആന്റ് സെക്രട്ടേറിയൽ അസിസ്റ്റന്റ് ട്രെയിനികൾ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത നിവേദനം.

3) ട്രെയിനിംഗ് ഡയറക്ടറുടെ 27.09.2018-ലെ എഫ്1/30835/2017 നമ്പർ കത്ത്.

ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ നിന്നും ലഭിക്കുന്ന സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) ലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് ലോവറിനും ഷോർട്ട് ഹാൻഡ് ലോവറിനും തുല്യമായി പരിഗണിച്ച് പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി), സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) എന്ന ട്രേഡിന്റെ പേര് പരിഷ്കരിച്ച് സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്നാക്കി. പരാമർശം - 1 ലെ ഉത്തരവ് പ്രകാരം സ്റ്റെനോഗ്രാഫി ട്രേഡ് സർട്ടിഫിക്കറ്റ് നേടുന്ന ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കും അപേക്ഷിക്കാമായിരുന്നു. പിന്നീട് ടൈപ്പിസ്റ്റ് തസ്തികയുടെ യോഗ്യതയിൽ കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് ലോവറിനോടൊപ്പം കമ്പ്യൂട്ടർ വേർഡ് പ്രോസസിങ്ങും കൂടി ഉൾപ്പെടുത്തി. ആയതിനാൽ

സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന ട്രേഡിലെ സർട്ടിഫിക്കറ്റ് വേർഡ് പ്രോസസിംഗ് കോഴ്സുകൾക്ക് തത്തുല്യ യോഗ്യതയായി പരിഗണിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം 2 പ്രകാരം ചെങ്ങന്നൂർ ഗവ.വനിത ഐ.ടി.ഐ.യിലെ ട്രെയിനികൾ സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചു.

2) സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) ട്രേഡിൽ ഷോർട്ട് ഹാൻഡ് പരിശീലനത്തോടൊപ്പം വേർഡ് പ്രോസസിംഗ് സ്പീഡ് പ്രാക്ടീസ്, എം.എസ്.ഓഫീസ്, ഇന്റർനെറ്റ് എന്നിവയിലുള്ള വിദഗ്ധ പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും സിലബസ് പ്രകാരമുള്ള ടൈപ്പിംഗ് സ്പീഡ് ഒരു മിനിട്ടിൽ 40 വാക്ക് ആയതിനാൽ ടി ട്രേഡ് വിജയിച്ചവർക്ക് കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യത പ്രത്യേകിച്ച് നേടേണ്ട ആവശ്യമില്ല എന്ന് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും ആയതിനാൽ പരാമർശം 1 - ലെ സർക്കാർ ഉത്തരവിൽ ട്രേഡിന്റെ പേര് സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്നും, ടി ട്രേഡിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റിന് തുല്യതപ്പെടുന്ന കോഴ്സായി കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് ഉൾപ്പെടുന്ന കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) ഉം ഷോർട്ട് ഹാൻഡും എന്നും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം - 3 പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തു.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. ട്രെയിനിംഗ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം 1 - ലെ സർക്കാർ ഉത്തരവിൽ സ്റ്റെനോഗ്രഫി (ഇംഗ്ലീഷ്) എന്ന് സൂചിപ്പിച്ചിരിക്കുന്ന ട്രേഡിന്റെ പേര് സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒപ്പം കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് അധിക യോഗ്യതയായി നിശ്ചയിച്ച കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ), ഷോർട്ട് ഹാൻഡ് എന്നീ തസ്തികകൾക്ക് സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന ട്രേഡിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റും സ്വീകരിക്കാവുന്നതാണ് എന്നും ഉത്തരവാകുന്നു. പരാമർശം 1 - ലെ സർക്കാർ ഉത്തരവ് മേൽ പ്രതിപാദിച്ച ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NISHA.S
അഡീഷണല് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി,കേരള പബ്ലിക്ക് സർവ്വീസസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by ...NDUMOL THOMAS
Date: 2019.03... 13:34:49 IST
Reason: Approved

സെക്ഷൻ ഓഫീസർ